പള്ളിക്കൽ പഞ്ചായത്തിലെ പഞ്ചായത്തു റോഡുകളുടെ മെയിൻറനൻസ്

806 [974] ശ്രീമതി ഭാർഗവീ തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പള്ളിക്കൽ പഞ്ചായത്തിലെ പഞ്ചായത്തു റോഡുകളുടെ മെയിൻറനൻസ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലെ റോഡിൻെറ മെയിൻറനൻസിന് വേണ്ടി എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഇനി എത്ര റോഡുകളുടെ മെയിൻറനൻസ് പണികൂടി നടത്താനുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പഞ്ചായത്തിൻെറ ധനസ്ഥിതി അനുസരിച്ച് പുനരുദ്ധാരണ പണികൾ കഴിവതും വേഗം ചെയ്യുന്നതാണ്.

(സി) ഒരു ലക്ഷം രൂപ.

(ഡി) 50 എണ്ണം.

നാദാപുരം പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ

807 [976] ശ്രീ. കെ. ടി. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം പഞ്ചായത്ത് നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിലുണ്ടാവുന്ന പ്രതിധ്വനി ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇതുസംബന്ധിച്ച് പരാതികളോ റിപ്പോർട്ടുകളോ ലഭിച്ചിട്ടില്ല. അങ്ങനെ ലഭിക്കുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്.

ഏഴിന പരിപാടിയനുസരിച്ചുള്ള "കമ്മ്യൂണിറ്റി ഹാൾ" നിർമ്മാണം പൂർത്തിയാകാത്ത പഞ്ചായത്തുകൾ

808 [977] ശ്രീ. കെ. മുസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴിന പരിപാടിയനുസരിച്ചുള്ള "കമ്മ്യൂണിറ്റി ഹാൾ" നിർമ്മാണം പൂർത്തിയാകാത്ത എത്ര പഞ്ചായത്തുകളാണ് സംസ്ഥാനത്തുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly